# Malayala Manorama
# 24 August 2018
# Pathanamthitha; Notice Given; No Precaution was Taken

## അറിയിപ്പു നൽകി; മുൻകരുതൽ എടുത്തില്ല

**പത്തനംതിട്ട**



നിറഞ്ഞുകിടക്കുന്ന കക്കി അണക്കെട്ട്. (ഫയൽ ചിത്രം)

ജില്ലയിലെ മൂഴിയാർ, പമ്പ, ആനത്തോട്, കക്കി, മണിയാർ, പെരുന്തേനരുവി അണക്കെട്ടുകൾ പൂർണ സംഭരണ ശേഷിയിൽ എത്തിയ ശേഷമാണു തുറന്നുവിട്ടത്. മുൻവർഷങ്ങളിൽ 90 ശതമാനം എത്തുമ്പോൾ മുതൽ ഡാമുകൾ തുറക്കാറുണ്ട്.

ശബരിഗിരിയിലെ ആനത്തോട് ഡാമിന്റെ സംഭരണശേഷി 981.46 മീറ്ററാണ്. 980 മീറ്റർ വെള്ളം നിലനിർത്തിയാണു തുറന്നത്.

പമ്പ അണക്കെട്ടിന്റെ ശേഷി 986.33 മീറ്ററാണ്. ഇതും 986 മീറ്റർ ഉയരം നിലനിർത്തി തുറന്നുവിട്ടു. പമ്പാ നദിയിലേക്കു വെള്ളമൊഴുക്കുന്ന ചെറിയ അണക്കെട്ടുകളായ മണിയാർ, പെരുന്തേനരുവി, മൂഴിയാർ എന്നിവ ജൂലൈയിൽത്തന്നെ തുറന്നുവച്ചിരിന്നു.

കക്കിയുടെ അനുബന്ധമായ ആനത്തോടും ശബരിഗിരി പദ്ധതിയിലെ തന്നെ പമ്പ അണക്കെട്ടും തുറന്നുവിടുന്നതിനു മുൻപായി എല്ലാ മുന്നറിയിപ്പുകളും കെഎസ്ഇബി ജില്ലാ ഭരണകൂടം വഴി നൽകിയിരുന്നു. എട്ടാം തീയതി തന്നെ റെഡ് അലർട് നൽകി, ഒൻപതിന് ഉച്ചയ്ക്കു 12നാണ് ഡാം തുറന്നത്. നദിയിൽ നാലരമീറ്റർവരെ വെള്ളം ഉയരുമെന്ന മുന്നറിയിപ്പും നൽകി.

എന്നാൽ, പിന്നീടു മഴയും നീരൊഴുക്കും കുറഞ്ഞു. ഇതോടെ 14നു വൈകുന്നേരം പമ്പ അണക്കെട്ടിന്റെ നാലു ഷട്ടറുകൾ 75 സെന്റിമീറ്ററായി താഴ്ത്തി. രണ്ടു ഷട്ടറുകൾ അടച്ചു. ആനത്തോട് ഷട്ടറുകൾ ഒരടിയായും പിന്നീട് 75 സെന്റി മീറ്ററായും താഴ്ത്തി. ഈ സമയമാണ്, നിറപുത്തരി ചടങ്ങുകൾക്കായി ശബരിമല നട തുറക്കാൻ തന്ത്രിയെയും സംഘത്തെയും പുല്ലുമേടു വഴി ശബരിമലയിൽ എത്തിക്കുന്നത്.

അപ്പോഴും കാര്യങ്ങൾ നിയന്ത്രണത്തിലാണെന്ന ധാരണയിലായിരുന്നു ഉദ്യോഗസ്ഥർ. എന്നാൽ, പകലും രാത്രിയും നിലയ്ക്കാതെ മഴ പെയ്തതും ആനത്തോട് ഡാമിന്റെ സമീപത്തുവരെ ഉരുൾപൊട്ടിയതും കാര്യങ്ങൾ വഷളാക്കി. ശബരിഗിരി പദ്ധതി പ്രദേശത്ത് 25 ഉരുളുകൾ പൊട്ടിയെന്നാണു കണക്ക്. ഇതോടെ പൈപ്പു തുറന്നു പാത്രത്തിൽ വെള്ളം എടുക്കുന്നതിനേക്കാൾ വേഗത്തിൽ ഡാമുകൾ നിറഞ്ഞു.

തുടർന്ന് ആനത്തോട് ഡാമിന്റെ ഷട്ടറുകൾ നാലെണ്ണവും ആറടി ഉയർത്തി. പമ്പയുടെ ആറു ഷട്ടറും ഒരു മീറ്റർ ഉയർത്തി. ഇതിനു മുന്നോടിയായി കലക്ടറേറ്റിലേക്കു സന്ദേശങ്ങൾ കൈമാറിയെന്നാണു കെഎസ്ഇബി അറിയിക്കുന്നത്.

അഞ്ചു വർഷത്തിനുശേഷം ആനത്തോട് ഡാം തുറക്കുമ്പോൾ റാന്നി, കോഴഞ്ചേരി, ആറന്മുള, അപ്പർ കുട്ടനാട് ഭാഗങ്ങളിൽ വേണ്ടത്ര മുൻകരുതലുകൾ എടുത്തിരുന്നില്ല. റാന്നിയിൽ ജലം ഉയരുമെന്ന മുന്നറിയിപ്പു ലഭിക്കുന്നതു രാത്രി 11ന് ആണ്. 11.30 നു ബസ് സ്റ്റാൻഡും ബൈപ്പാസ് റോഡും വ്യാപാര സ്ഥാപനങ്ങളും വെള്ളത്തിലായി. ഇതിനു പിന്നാലെ കോഴഞ്ചേരിയും തിരുവല്ലയും മുങ്ങി. പിറ്റേന്നു ചെങ്ങന്നൂർ പൂർണമായി ഒറ്റപ്പെട്ടു. അപ്പർ കുട്ടനാടും വെള്ളത്തിലായി.

റെഡ് അലർട് പ്രഖ്യാപിച്ചശേഷം ജനങ്ങളെ ഒഴിപ്പിക്കാനോ സ്ഥാപനങ്ങൾക്കു മുന്നറിയിപ്പു നൽകാനോ നടപടി ഉണ്ടായില്ല.

14നു രാവിലെ തുടങ്ങിയ മഴയാണു കാര്യങ്ങൾ തകിടം മറിച്ചത്. താഴ്ത്തിയ ഷട്ടറുകൾ ആറടിയായി ഉയർത്തുമ്പോൾ സ്വാഭാവികമായി നടത്തേണ്ട മുന്നൊരുക്കത്തിനു സമയം കിട്ടിയില്ല എന്നതാണു യാഥാർഥ്യം.